കേരളകൗമുദി
12 ജനുവരി 2018 വെള്ളി
തിരുവനന്തപുരം

## ജെ.ഡി.യു യു.ഡി.എഫ് വിടുന്നത് സ്വാഗതാർഹം

തിരുവനന്തപുരം: ജെ.ഡി.യു കേരള ഘടകം യു.ഡി.എഫ് വിടാനെടുത്ത തീരുമാനം സ്വാഗതാർഹമാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പ്രതികരിച്ചു. അവർ മുന്നണി വിട്ട് പോകുമ്പോൾ തന്നെ നിലപാട് പുന:പരിശോധിക്കാൻ പറഞ്ഞതാണ്. യു.ഡി.എഫ് ശിഥിലമാകുന്നതിന് ഏറ്റവും വലിയ തെളിവാണ് വീരേന്ദ്രകുമാറിന്റെ ഇപ്പോഴത്തെ തീരുമാനം. അവർ ഇടതുമുന്നണിയിലേക്ക് വരുന്നതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ പാർട്ടിയും ഇടതുമുന്നണിയും ചർച്ച ചെയ്യും.

## സജി ബഷീറിനെ പദവിയിൽ നിന്നു നീക്കി

തിരുവനന്തപുരം: കെൽപാം എം.ഡിയായി കഴിഞ്ഞ ദിവസം നിയമിതനായ സജി ബഷീറിനെ ആ പദവിയിൽ നിന്നും ഡയറക്ടർ ബോർഡിൽ നിന്നും നീക്കി സർക്കാർ ഉത്തരവായി. സജി ബഷീറിനെതിരെയുള്ള വിജിലൻസ് അന്വേഷണം തീരുന്നതുവരെയാണ് നടപടി.

അവിഹിതമായി സ്വത്ത് സമ്പാദിച്ച് വിദേശത്തേക്ക് കടത്തിയെന്ന കരുതുന്ന സജിബഷീറിന്റെ തിരിമറികൾ സി.ബി.ഐ അന്വേഷണണത്തിലൂടെ മാത്രമേ കണ്ടുപിടിക്കാനാവൂ എന്നാണ് സർക്കാരിന്റെ നിലപാട്. സജി ബഷീറിനെതിരെ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട ഹർജിയിലും സർക്കാരിന് ഇതേ നിലപാടായിരുന്നു.

അഴിമതി, സ്വജനപക്ഷപാതം, സാമ്പത്തിക ക്രമക്കേടുകൾ എന്നിവയിൽ നിരവധി വിജിലൻസ് കേസുകളാണ് സജി ബഷീർ നേരിടുന്നത്. ഇങ്ങനെയുള്ള ആൾ പദവിയിലിരിക്കുന്നത് പൊതുതാത്പര്യത്തിന് നിരക്കാത്തതിനാലാണ് സജിബഷീറിനെ മാറ്റിയത്. ഹാൻഡിക്രാഫ്റ്റ് ഡെവലപമെന്റ് കോർപറേഷൻ എം.ഡി എൻ.കെ മനോജിന് കെൽപാം എം.ഡിയുടെ അധികച്ചുമതല നൽകി.

## കുറിഞ്ഞി: വിസ്തൃതി നിലനിറുത്താൻ ധാരണയായി

തിരുവനന്തപുരം: കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തീർണം 3200 ഹെക്ടറിൽ നിലനിറുത്താനായി വേണമെങ്കിൽ പുതിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്താൻ മന്ത്രിമാരുടെ യോഗത്തിൽ ധാരണയായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ വൈകിട്ട് ചേർന്ന യോഗത്തിൽ റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ, വനം മന്ത്രി കെ.രാജു, വൈദ്യുതി മന്ത്രി എം.എം.മണി എന്നിവർ പങ്കെടുത്തു. റവന്യൂ, വനം മന്ത്രിമാർ നൽകിയ റിപ്പോർട്ടുകൾ യോഗം പരിഗണിച്ചു.

2006ലെ പ്രാഥമിക വിജ്ഞാപന പ്രകാരം കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58ലും വട്ടവട വില്ലേജിലെ ബ്ലോക്ക് 62ലും പെട്ട 3200 ഹെക്ടറാണ് വിജ്ഞാപനത്തിൽ പെടുന്നത്. എന്നാൽ ഇത്ര സ്ഥലം യഥാർത്ഥത്തിൽ ഉണ്ടോ എന്നത് വിശദമായ സർവേയിലൂടെ മാത്രമെ ഉറപ്പുവരുത്താൻ കഴിയൂ.

## ഓഖി ദുരന്തം: കാണാതായത് 113 പേർ

തിരുവനന്തപുരം: ഓഖി ദുരന്തത്തിൽ കാണാതായവരെക്കുറിച്ചുള്ള പുതിയ കണക്ക് സർക്കാർ പ്രസിദ്ധീകരിച്ചു. ഇതുപ്രകാരം കാണാതായവരുടെ എണ്ണം 113 ആണ്. ഇതിൽ 81 പേർ ഫൈബർ വള്ളങ്ങളിലും 32 പേർ യന്ത്രവത്കൃത ബോട്ടുകളിലും മത്സ്യബന്ധനത്തിന് പോയവരാണ്. എല്ലാവരും തിരുവനന്തപുരം ജില്ലയിൽ നിന്നുള്ളവരാണ്. 41 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 15 മൃതദേഹങ്ങളാണ് ഇപ്പോഴും തിരിച്ചറിയാതെയുള്ളത്. ആകെ 1116 മത്സ്യത്തൊഴിലാളികളെയാണ് രക്ഷപ്പെടുത്തിയത്.

## ചെന്നിത്തലയ്ക്ക് ഒരു അഡിഷണൽ പി.എസ് കൂടി

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ പേഴ്സണൽ സ്റ്റാഫിൽ ഒരു അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി തസ്തിക കൂടി അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മൂന്ന് അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിമാർ ഇപ്പോഴുള്ളതിന് പുറമേയാണിത്. എന്നാൽ മൊത്തം പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിച്ച 25ൽ അധികരിക്കരുത്.

## കേന്ദ്ര വൈദ്യുതി: ഭേദഗതിക്കെതിരെ ദേശീയ പണിമുടക്ക്

തിരുവനന്തപുരം: കേന്ദ്രവൈദ്യുതി നിയമത്തിലെ ഭേദഗതിക്കെതിരെ ദേശീയ പണിമുടക്ക് നടത്താൻ തിരുവനന്തപുരത്ത് ചേർന്ന വൈദ്യുതി ജീവനക്കാരുടെ ദേശീയ ഫെഡറേഷനുകളും സംസ്ഥാന യൂണിയനുകളും ഉൾപ്പെടുന്ന എൻ.സി.സി.ഒ.ഇ.ഇ.ഇ ദക്ഷിണമേഖലാ കൺവെൻഷൻ തീരുമാനിച്ചു. ഭേദഗതിബിൽ ലോകസഭയിൽ അവതരിപ്പിക്കുന്ന ദിവസം പണിമുടക്ക് നടത്താനാണ് നീക്കം. ബി.ടി.ആർ മെമ്മോറിയൽ ഹാളിൽ ചേർന്ന കൺവെൻഷനിൽ ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് കെ.ഒ. ഹബീബ് അദ്ധ്യക്ഷത വഹിച്ചു. സുബ്രമണ്യം പ്രമേയം അവതരിപ്പിച്ചു.

## മസ്തിഷ്ക മരണം

# നിബന്ധന കർശനമായപ്പോൾ അവയവദാനം കുറഞ്ഞു

KAUMUDI SPECIAL

**ഷാബിൽ ബഷീർ**

മലപ്പുറം: മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ സർക്കാർ നിബന്ധനകൾ കർശനമാക്കിയതോടെ സംസ്ഥാനത്ത് അവയവദാനം ഗണ്യമായി കുറഞ്ഞു. കഴിഞ്ഞ വർഷം 17 പേരുടെ 56 അവയവങ്ങളാണ് ലഭിച്ചത്. 2016ൽ 72 പേരുടെ 192 അവയവങ്ങൾ ലഭിച്ചിരുന്നു.

സ്വകാര്യ ആശുപത്രികളിൽ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിൽ ക്രമക്കേടുണ്ടെന്ന പരാതിയെ തുടർന്നാണ് ഇത്തരം മരണങ്ങൾ സ്ഥിരീകരിക്കാൻ കഴിഞ്ഞ ഫെബ്രുവരിയിൽ സർക്കാർ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയത്.

അതോടെ റിപ്പോർട്ട് ചെയ്യുന്ന മസ്തിഷ്ക മരണങ്ങളും അവയിൽ നിന്നുള്ള അവയവദാനവും കുറയുകയായിരുന്നു. മസ്തിഷ്ക മരണം സ്ഥിരീകരിക്കുമ്പോൾ തത്സമയം വീഡിയോയിൽ പകർത്തുക, വിദഗ്ദ്ധ പാനലിൽ സർക്കാർ ഡോക്ടറുടെ സാന്നിദ്ധ്യം ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു പുതിയ നിർദ്ദേശങ്ങൾ. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കാൻ 2012ൽ ആരോഗ്യവകുപ്പ് തുടങ്ങിയ മൃതസഞ്ജീവനിയിൽ (കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്) 1,826 പേരാണ് അവയവങ്ങൾ മാറ്റിവയ്ക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവരിൽ ബഹുഭൂരിപക്ഷവും വൃക്കരോഗികളാണ്. ഇതിൽ 357 പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. മൃതസഞ്ജീവനിയിൽ ഇതുവരെ 268 പേരുടെ 739 അവയവങ്ങളും 380 കോർണിയകളും 92 ഹൃദയവാൽവുകളും ലഭിച്ചിട്ടുണ്ട്.

### അവയവം കാത്തിരിക്കുന്നവർ

| | |
|---|---|
| വൃക്ക | 1,443 |
| കരൾ | 339 |
| ഹൃദയം | 30 |
| ശ്വാസകോശം | 1 |
| പാൻക്രിയാസ് | 5 |
| കൈ മാറ്റിവയ്ക്കാൻ | 8 |
| ആകെ | 1,826 |

> മസ്തിഷ്ക മരണത്തെ തുടർന്നുള്ള അവയവദാനം കുറഞ്ഞിട്ടുണ്ട്. പകരം ജീവിച്ചിരിക്കുന്നവരുടെ അവയവദാനം കൂടിയിട്ടുണ്ട്
>
> –ഡോ. നോബിൾ ഗ്രേഷ്യസ് നോഡൽ ഓഫീസർ, മൃതസഞ്ജീവനി

### മൃതസഞ്ജീവനിയും അവയവദാനവും

- ദാതാവിന്റെ വയസ്, രക്ത ഗ്രൂപ്പ്, അവയവം ഉപയോഗയോഗ്യമാണോയെന്ന പരിശോധനാ ഫലം എന്നിവ ശേഖരിക്കും.
- രജിസ്റ്റർ ചെയ്തവരിൽ മുൻഗണനാക്രമത്തിൽ രോഗികളുടെ സാമ്പിളെടുത്ത് അവയവങ്ങളുടെ ചേർച്ച പരിശോധിക്കും.
- ഓരോ അവയവദാനം കഴിയുമ്പോഴും മുൻഗണനാക്രമം പാലിച്ചെന്ന് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ആരോഗ്യവകുപ്പ് സെക്രട്ടറി, നാഷണൽ ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്‌പ്ലാന്റ് ഓർഗനൈസേഷൻ ഡയറക്ടർ എന്നിവർക്ക് നൽകും.

# തടവുകാർക്ക് അവയവദാനത്തിന് അനുമതി

തിരുവനന്തപുരം: അടുത്ത ബന്ധുക്കൾക്ക് അവയവം ദാനം ചെയ്യാൻ തടവുകാർക്ക് അനുമതി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇതിനായി ജയിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യും.

കണ്ണൂർ സെൻട്രൽ ജയിലിലെ ജീവപര്യന്തം തടവുകാരൻ പി. സുകുമാരന്റെ അനുഭവമാണ് പൊതുമാർഗനിർദ്ദേശം തയ്യാറാക്കുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും സർക്കാരിന് പ്രേരണയായത്. തന്റെ ഒരു വൃക്ക ദാനം ചെയ്യാൻ സുകുമാരൻ അനുമതി ചോദിച്ചിരുന്നു. അതിൽ തീരുമാനം എടുക്കും മുമ്പ് വൃക്ക സ്വീകരിക്കേണ്ട രോഗി മരിച്ചു. ഇത്തരം സാഹചര്യം ഒഴിവാക്കാനാണ് സർക്കാർ പുതിയ തീരുമാനം എടുത്തത്.

### വ്യവസ്ഥകൾ

1. തടവുകാരുടെ അവയവദാനം അടുത്ത ബന്ധുക്കൾക്ക് മാത്രമായി നിജപ്പെടുത്തും
2. മെഡിക്കൽ ബോർഡിന്റെ അനുമതിക്ക് ശേഷം ശിക്ഷിച്ച വിചാരണ കോടതിയുടെ അനുമതി വാങ്ങണം
3. തടവുകാരൻ ആശുപത്രിയിൽ കഴിയുന്ന കാലയളവ് പരോളായി കണക്കാക്കണം
4. ആശുപത്രി ചെലവ് ജയിൽ വകുപ്പ് വഹിക്കണം
5. ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാലയളവിലേക്ക് തടവുകാരന്റെ ഭക്ഷണം ജയിൽ അധികൃതരുടെ ചുമതലയായിരിക്കും
6. അവയവദാനത്തിന്റെ പേരിൽ ശിക്ഷാ കാലാവധിയിൽ ഇളവുണ്ടാവില്ല

## മുഖ്യമന്ത്രിയുടെ ഹെലികോപ്ടർ യാത്ര

# തുക നൽകേണ്ടെന്ന് സി.പി.എം തീരുമാനം

### ഉമ്മൻചാണ്ടി സുനാമി ഫണ്ടിൽ പറന്നിട്ടുണ്ടെന്ന്

തിരുവനന്തപുരം: കഴിഞ്ഞ മാസം 26ന് തൃശ്ശൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് മുഖ്യമന്ത്രി പിണറായി വിജയൻ പ്രത്യേക ഹെലികോപ്ടറിൽ വന്നതിന് ചെലവായ 8 ലക്ഷം രൂപ പാർട്ടി ഫണ്ടിൽ നിന്ന് നൽകേണ്ടെന്ന് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനിച്ചു. ഇങ്ങനെ കീഴ്‌വഴക്കം സൃഷ്ടിക്കേണ്ടതില്ലെന്നും മുൻ മുഖ്യമന്ത്രിമാരടക്കം പലരും ഇത്തരത്തിൽ തുക ചെലവിട്ടിട്ടുണ്ടെന്നും യോഗത്തിലുയർന്ന അഭിപ്രായം പരിഗണിച്ചാണ് തീരുമാനം. പാർട്ടി നൽകേണ്ടതില്ലെന്ന് മുഖ്യമന്ത്രി തന്നെ യോഗത്തിൽ വ്യക്തമാക്കുകയായിരുന്നു. തുക അനുവദിച്ചതിൽ അപാകതയില്ലെങ്കിലും വിവാദമായ സ്ഥിതിക്ക് പൊതുഭരണ വകുപ്പിന്റെ ഏതെങ്കിലും അക്കൗണ്ടിൽ പെടുത്തി തുക അനുവദിക്കാനാണ് പുതിയ തീരുമാനം. നേരത്തേ ഇറക്കിയ ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിലാണ് തീരുമാനം.

### വെറുതേ ഒരു വിവാദം

തുക പാർട്ടി നൽകുമെന്ന് ധ്വനി വരുത്തുന്ന തരത്തിൽ ചില പാർട്ടി നേതാക്കൾ തന്നെ പ്രചാരണത്തിന് ഇടയാക്കിയത് ശരിയായില്ലെന്ന് യോഗത്തിൽ ഒറ്റപ്പെട്ട അഭിപ്രായമുണ്ടായി. വിവാദം വെറുതേയാണെന്നാണ് മുഖ്യമന്ത്രി യോഗത്തിൽ വിശദീകരിച്ചത്. ഓഖി ഫണ്ടിൽ നിന്നോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നോ അല്ല തുക അനുവദിച്ചത്. 25 ശതമാനം സംസ്ഥാനവിഹിതമുള്ള സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നാണ്. അതിൽ തെറ്റില്ല. എങ്കിലും വിവാദമുയർന്ന സ്ഥിതിക്ക് ദുരന്ത നിവാരണ ഫണ്ട് വേണ്ടെന്ന് വയ്ക്കുകയായിരുന്നു. മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇടുക്കിയിലേക്കുള്ള ഹെലികോപ്ടർ യാത്രയ്ക്ക് സുനാമി ഫണ്ടിൽ നിന്ന് തുകയെടുത്തിട്ടുണ്ട്.

### ജില്ലാ സമ്മേളനങ്ങളുടെ പുരോഗതി വിലയിരുത്തി

സി.പി.എം ജില്ലാ സമ്മേളനങ്ങളുടെ പുരോഗതി സെക്രട്ടേറിയറ്റ് യോഗം വിലയിരുത്തി. ഇനി നാല് ജില്ലാ സമ്മേളനങ്ങളാണ് പൂർത്തിയാവാനുള്ളത്. നാലിടത്തും മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും പരമാവധി സെക്രട്ടേറിയറ്റംഗങ്ങളും പങ്കെടുക്കും. മന്ത്രിസഭയുടെ പ്രവർത്തനത്തെ സമ്മേളനങ്ങൾ ബാധിക്കാതിരിക്കാൻ ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ടെന്നും യോഗത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി. അതേസമയം, ഓഖി ഫണ്ടിൽ നിന്ന് ഒരു പൈസ പോലും വകമാറ്റി ചെലവിടില്ലെന്നും അത് പ്രത്യേക അക്കൗണ്ടിൽ ക്രമീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ടെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പിന്നീട് വാർത്താലേഖകരോട് പറഞ്ഞു. മുഖ്യമന്ത്രിയുടെ ഹെലികോപ്ടർ യാത്രയ്ക്ക് തുക അനുവദിച്ചതിൽ നിയമവിരുദ്ധമായി ഒന്നുമില്ലെന്ന് മന്ത്രി എ.കെ. ബാലനും വിശദീകരിച്ചു. സുനാമി ഫണ്ടിൽ നിന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്വന്തം മണ്ഡലത്തിലെ ചികിത്സാസഹായത്തിന് 29 കോടി ചെലവഴിച്ചത് രാജ്യദ്രോഹമെന്നാണ് ലോകായുക്ത വിലയിരുത്തിയത്. എന്നാൽ, ഇവിടെയിപ്പോൾ അത്തരം സാഹചര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി.

# ലാവ്‌ലിൻ വിചാരണയ്ക്ക് സുപ്രീംകോടതി സ്റ്റേ

### സി.ബി.ഐ അപ്പീലിൽ തീരുമാനമെടുക്കും വരെയാണ് സ്റ്റേ

പിണറായി ഉൾപ്പെടെ മൂന്ന് പേർക്ക് നോട്ടീസ്

ന്യൂഡൽഹി: എസ്.എൻ.സി ലാവ്‌ലിൻ കേസിലെ ഹൈക്കോടതി വിധി ചോദ്യം ചെയ്തുള്ള സി.ബി.ഐ അപ്പീലിൽ തീരുമാനമെടുക്കും വരെ കേസിലെ വിചാരണ നടപടികൾ സ്റ്റേ ചെയ്യാൻ ജസ്റ്റിസുമാരായ എൻ.വി. രമണ, എസ്. അബ്ദുൽ നസീർ എന്നിവരുൾപ്പെട്ട സുപ്രീംകോടതി ബെഞ്ച് ഉത്തരവിട്ടു. പ്രതിപട്ടികയിൽ നിന്ന് ഹൈക്കോടതി ഒഴിവാക്കിയ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ 3 പേർക്ക് സുപ്രീംകോടതി നോട്ടീസ് അയച്ചു. വിചാരണ നേരിടണമെന്ന് ഹൈക്കോടതി വിധിച്ച മൂന്ന് മുൻ ഉദ്യോഗസ്ഥർ നൽകിയ അപ്പീലുകളിൽ സി.ബി.ഐക്കും കോടതി നോട്ടീസ് അയച്ചു.

ലാവ്‌ലിൻ കേസിലെ ഹൈക്കോടതി വിധി ചോദ്യം ചെയ്തുള്ള അപ്പീലിൽ വിശദമായ വാദം കേൾക്കണമെന്നും അതിനായി പ്രതിപട്ടികയിൽ നിന്ന് ഒഴിവായവർക്ക് നോട്ടീസ് അയയ്ക്കണമെന്നും സി.ബി.ഐക്ക് വേണ്ടി ഹാജരായ അഡിഷണൽ സോളിസിറ്റർ ജനറൽ തുഷാർ മെഹ്ത വാദിച്ചു. ഭരണഘടനയുടെ 227-ാം അനുച്ഛേദ പ്രകാരം അധികാരപരിധി മറികടന്നുള്ളതാണ് ഹൈക്കോടതി നടപടിയെന്നും ചിലരെ കുറ്റവിമുക്തരാക്കി മറ്റ് ചിലർ വിചാരണ നേരിടണമെന്ന നടപടി ന്യായീകരിക്കാനാവില്ലെന്നും തുഷാർ മെഹ്ത വാദിച്ചു. സി.ബി.ഐയുടെ ഈ വാദത്തോട് യോജിക്കുന്നതായി കേസിൽ വിചാരണ നേരിടണമെന്ന ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകിയിട്ടുള്ള കെ.എസ്.ഇ.ബി മുൻ ചെയർമാൻ ആർ. ശിവദാസന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ മുകുൾ റോഹ്തഗി വ്യക്തമാക്കി.

ഈ ഒരു വിഷയത്തിൽ മാത്രമാണ് സി.ബി.ഐയോട് യോജിക്കുന്നതെന്നും റോഹ്തഗി പറഞ്ഞു. സി.ബി.ഐയുടെ വാദം കേട്ട ശേഷമാണ് പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട പിണറായി വിജയൻ, മുൻ ഊർജ സെക്രട്ടറി കെ. മോഹനചന്ദ്രൻ, ജോയിന്റ് സെക്രട്ടറി എ. ഫ്രാൻസിസ് എന്നിവർക്ക് നോട്ടീസ് അയയ്ക്കാൻ ഉത്തരവിട്ടത്. വിചാരണ നേരിടണമെന്ന വിധിക്കെതിരെ ആർ. ശിവദാസൻ, വൈദ്യുതി ബോർഡ് മുൻ ഉദ്യോഗസ്ഥരായ കസ്തൂരിരംഗഅയ്യർ, കെ.ജി. രാജശേഖരൻ നായർ എന്നിവർ നൽകിയ അപ്പീലുകളിലുള്ള നോട്ടീസ് സി.ബി.ഐ കോടതിയിൽ വച്ച് തന്നെ നേരിട്ട് കൈപ്പറ്റി.

## മുഖ്യമന്ത്രിയെ പിന്തുണച്ച് മാണി

കോട്ടയം: മുഖ്യമന്ത്രിയുടെ ഹെലികോപ്ടർ യാത്ര വിവാദമാക്കേണ്ട കാര്യമില്ലെന്ന് കെ.എം.മാണി. തുകയെടുത്തത് ഓഖി ഫണ്ടിൽ നിന്നാണെങ്കിൽ തിരിച്ചടച്ചാൽ മതി. പിണറായി വിജയനോടുള്ള സമീപനത്തെ എങ്ങിനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. വീരേന്ദ്രകുമാറിന്റെ നിലപാടിനെ കേരള കോൺഗ്രസിന്റേതുമായി കൂട്ടിവായിക്കേണ്ട കാര്യമില്ലെന്നും കേരള കോൺഗ്രസ് (എം) ജനറൽ ബോഡിക്കു ശേഷം മാണി മാദ്ധ്യമങ്ങളോട് പറഞ്ഞു.

## തോമസ് ചാണ്ടിയുടെ അപ്പീൽ 15ലേക്ക് മാറ്റി

ന്യൂഡൽഹി: കായൽ കൈയേറ്റ കേസിൽ മുൻ മന്ത്രി തോമസ് ചാണ്ടി നൽകിയ അപ്പീൽ പരിഗണിക്കുന്നത് സുപ്രീംകോടതി 15ലേക്ക് മാറ്റി. കേസ് പരിഗണിക്കുന്ന ബെഞ്ച് മാറ്റണമെന്ന ആവശ്യം പിൻവലിച്ച് തോമസ് ചാണ്ടിയുടെ അഭിഭാഷകൻ നൽകിയ പുതിയ കത്ത് ലഭിച്ചതായി കോടതി വ്യക്തമാക്കി. കത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ലെന്നും കേസ് 15ന് പരിഗണിക്കാമെന്നും ജസ്റ്റിസുമാരായ ആർ.കെ. അഗർവാൾ, എ.എം. സാപ്രെ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു. കത്തിലെ ഉള്ളടക്കം ഗൗരവമേറിയതാണെന്ന് കേസിൽ കക്ഷിചേരാൻ അപേക്ഷ നൽകിയിട്ടുള്ള സി.പി.ഐ അംഗം മുകുന്ദന്റെ അഭിഭാഷകൻ വി.കെ. ബിജു കോടതിയെ അറിയിച്ചു. തോമസ് ചാണ്ടിക്ക് വേണ്ടി മുതിർന്ന അഭിഭാഷകനായ വിവേക് തൻഖയ്ക്ക് പകരം മുൻ അറ്റോർണി ജനറൽ മുകുൾ റോഹ്തഗിയാണ് ഹാജരായത്.

## പുതുവൈപ്പ് എൽ.പി.ജി നിർമ്മാണം ഉടൻ: കേന്ദ്രമന്ത്രി

തിരുവനന്തപുരം: പുതുവൈപ്പ് എൽ.പി.ജി ടെർമിനലിന്റെ പ്രവർത്തനം ഉടൻ പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയതായി കേന്ദ്ര സ്ഥിതിവിവര-പദ്ധതി നടത്തിപ്പ് മന്ത്രി സി. സദാനന്ദഗൗഡ പറഞ്ഞു. സംസ്ഥാനത്ത് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന അടിസ്ഥാന വികസന പരിപാടികളുടെ വിലയിരുത്തലിനു ശേഷം മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്ന കേന്ദ്രമന്ത്രി. പദ്ധതികളുമായി ബന്ധപ്പെട്ട തടസങ്ങൾ തീർന്നുവെന്ന് ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിയിലെ അംഗങ്ങൾ യോഗത്തിൽ അറിയിച്ചു. പദ്ധതിക്ക് ഗ്രീൻ ട്രൈബ്യൂണലിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞു. പരിസ്ഥിതി അംഗീകാരവും കിട്ടി. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരവുമായി. 2019 മേയ് 19ന് പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ശബരി റെയിൽപാത നിർമ്മാണച്ചെലവിന്റെ 50 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവുന്നില്ലെന്ന് സദാനന്ദഗൗഡ കുറ്റപ്പെടുത്തി. കർണാടകത്തിലെ പദ്ധതികൾക്ക് സ്ഥലം ഏറ്റെടുത്തു നൽകുന്നത് ആ സംസ്ഥാനമാണ്.

## മുല്ലപ്പെരിയാറിന് പ്രത്യേക ദുരന്ത നിവാരണ സമിതികൾ

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന് കേന്ദ്രസർക്കാർ ആവർത്തിച്ചിട്ടും മുല്ലപ്പെരിയാറിന് മാത്രമായി മൂന്ന് ദുരന്ത നിവാരണ സമിതികൾക്ക് രൂപം നൽകാൻ സുപ്രീംകോടതി ഉത്തരവിട്ടു. കേരള, തമിഴ്നാട് സർക്കാരുകളും കേന്ദ്രസർക്കാരുമാണ് സമിതികൾ രൂപീകരിക്കേണ്ടത്. ഈ സമിതികൾ ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റെ ഉത്തരവിലുണ്ട്. 122 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ദുരന്ത നിവാരണ നിർവഹണം മാത്രമാണ് സമിതികളുടെ ചുമതല. അണക്കെട്ടിന്റെ താഴ്‌വാരത്തും ചേർന്നുമുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ ഭയാശങ്കകൾ നീക്കുന്നതിന് വേണ്ടിയാണ് സമിതിക്ക് രൂപം നൽകുന്നതെന്ന് ബെഞ്ച് വ്യക്തമാക്കി. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ പഠിക്കാൻ വിദേശ ഏജൻസിയെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അഡ്വ. റസൽ ജോയി നൽകിയ ഹർജിയിലാണ് സുപ്രധാന ഉത്തരവ്.

അണക്കെട്ടിന്റെ ഉടമസ്ഥർ എന്ന നിലയിലാണ് തമിഴ്നാടും നിലനിൽക്കുന്ന ഇടമെന്ന നിലയിലാണ് കേരളവും സമിതികൾ രൂപീകരിക്കേണ്ടത്. സമിതികൾക്ക് അണക്കെട്ടിന്റെ കാലാവധിയിലോ സുരക്ഷാ വിഷയത്തിലോ തീരുമാനമെടുക്കാനാവില്ല. ഏതെങ്കിലും ദുരന്തമുണ്ടാവുകയോ ദുരന്ത സാഹചര്യം പ്രവചിക്കപ്പെടുകയോ ചെയ്താൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളായിരിക്കും സമിതിയുടെ ചുമതല.

## അടിമാലി രാജധാനി കൂട്ടക്കൊല

# മൂന്നു പ്രതികൾക്കും ഇരട്ട ജീവപര്യന്തവും പതിനേഴ് വർഷം കഠിനതടവും

അടിമാലി: രാജധാനി ടൂറിസ്റ്റ് ഹോം നടത്തിപ്പുകാരനെയും ഭാര്യയെയും മാതാവിനെയും കൊലപ്പെടുത്തിയ കേസിലെ മൂന്ന് പ്രതികൾക്കും ഇരട്ട ജീവപര്യന്തവും 17 വർഷം കഠിനതടവും വിധിച്ചു. കർണാടക തുങ്കൂർ ജില്ലയിലെ ബുക്കാപട്ടണം സ്വദേശി രാഘവ് (രാഘവേന്ദ്ര- 22), ഹനുബന്ധപുര വില്ലേജിൽ മധു (രാജേഷ് ഗൗഡ -23), സഹോദരൻ സിറ സ്വദേശി മഞ്ജുനാഥ് (19) എന്നിവരെയാണ് ശിക്ഷിച്ചത്. 27,500 രൂപ വീതം പിഴ ഒടുക്കാനും തൊടുപുഴ അഡിഷണൽ സെഷൻസ് കോടതി ജഡ്ജി ഉത്തരവിട്ടു.

അടിമാലി ടൗണിൽ പ്രവർത്തിച്ചിരുന്ന രാജധാനി ടൂറിസ്റ്റ് ഹോം നടത്തിപ്പുകാരൻ അടിമാലി പാറേക്കാട്ടിൽ കുഞ്ഞുമുഹമ്മദ് (69), ഭാര്യ അയിഷ (63), അയിഷയുടെ മാതാവ് നാച്ചി (80) എന്നിവരാണ് കൊല്ലപ്പെട്ടത്. തെളിവു നശിപ്പിച്ചതിന് ഏഴ് വർഷം കഠിനതടവും 2,500 രൂപ വീതം പിഴയും പിഴയൊടുക്കിയില്ലെങ്കിൽ 45 ദിവസം കഠിന തടവും മൂവരും അനുഭവിക്കണമെന്നും കോടതി ഉത്തരവിട്ടു. 392, 201 വകുപ്പുകളനുസരിച്ച് പത്തും ഏഴും വർഷം വീതമുള്ള കഠിന തടവ് ആകെ 10 വർഷമാക്കി ഒന്നിച്ച് അനുഭവിച്ചാൽ മതിയാകും. ഈ 10 വർഷത്തിനു ശേഷമാണ് ഇരട്ടജീവപര്യന്തം തടവ് ആരംഭിക്കുകയെന്ന് വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

### സെൽഫോണുകൾ തെളിവായി

2015 ഫെബ്രുവരി 12ന് അർദ്ധരാത്രിയോടെയാണ് മൂവരെയും പ്രതികൾ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയത്. കൊലപാതകശേഷം 19.5 പവൻ സ്വർണവും 50,000 രൂപയും റാഡോ വാച്ചും കവർന്നു. പ്രതികളെ സാഹചര്യത്തെളിവുകൾ മാത്രം അടിസ്ഥാനമാക്കിയാണ് അന്വേഷണസംഘം അറസ്റ്റ് ചെയ്തത്. കൊല്ലപ്പെട്ട കുഞ്ഞുമുഹമ്മദിന്റെയും അയിഷയുടെയും മൊബൈൽ ഫോണുകളും പ്രതികൾ മോഷ്ടിച്ചിരുന്നു. കർണാടകയിൽ എത്തിയ ശേഷം ഈ മൊബൈലിൽ പ്രതികളുടെ സിം കാർഡ് ഇട്ട് ഉപയോഗിച്ചു. അന്വേഷണ സംഘം സൈബർസെല്ലിന്റെ സഹായത്തോടെ പ്രതികൾ ഉപയോഗിച്ച കാൾ വിവരങ്ങൾ ശേഖരിച്ചു. ഇത് സംബന്ധിച്ച രേഖകൾ പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കിയത് നിർണായക തെളിവായി. കുഞ്ഞുമുഹമ്മദിന്റെ മൃതദേഹത്തിന് സമീപത്തുനിന്ന് രണ്ടാം പ്രതി മധുവിന്റെ കാതിലെ കടുക്കൻ അന്വേഷണ സംഘത്തിന് ലഭിച്ചിരുന്നു. ഇതും നിർണായക തെളിവായി.

*പ്രതികളായ രാഘവേന്ദ്ര, മധു മഞ്ജുനാഥ് എന്നിവർ*

# മിഥില മോഹൻ വധക്കേസ്: സി.ബി.ഐ അന്വേഷിക്കും

കൊച്ചി: അബ്കാരി കരാറുകാരനായിരുന്ന മിഥില മോഹനെ വെടിവച്ച് കൊന്ന കേസിൽ ഒരു പതിറ്റാണ്ടിനു ശേഷം അന്വേഷണം സി.ബി.ഐ ഏറ്റെടുക്കുന്നു. ക്രൈംബ്രാഞ്ച് അന്വേഷണം തൃപ്തികരമല്ലെന്നും സി.ബി.ഐ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് കൊല്ലപ്പെട്ട മിഥില മോഹന്റെ മകൻ മനേഷ് നൽകിയ ഹർജിയിൽ ഹൈക്കോടതിയാണ് അന്വേഷണം സി.ബി.ഐക്ക് വിട്ട് ഉത്തരവായത്.

കേസിൽ ഇനിയും പിടികിട്ടാനുള്ള മതിവണ്ണൻ, ഉപ്പാളി എന്നീ പ്രതികൾ ശ്രീലങ്കൻ സ്വദേശികളാണെന്ന് സംശയമുണ്ടെന്നും ഇവർക്ക് എൽ.ടി.ടി.ഇ ബന്ധമുണ്ടാകാമെന്നും കേസന്വേഷിക്കുന്ന ക്രൈംബ്രാഞ്ച് എസ്.പി സാബു മാത്യു കഴിഞ്ഞ ദിവസം ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. പ്രതികൾക്ക് രാജ്യാന്തര ബന്ധമുണ്ടെന്ന് സംശയമുള്ള സാഹചര്യത്തിൽ പൊലീസിന്റെ അന്വേഷണ പരിധിക്ക് പുറത്തുള്ള വിഷയമാണിതെന്ന് ഹൈക്കോടതി വിലയിരുത്തി. കൊല നടന്നിട്ട് 11 വർഷം പിന്നിടുന്ന സാഹചര്യത്തിൽ സി.ബി.ഐ എത്രയും വേഗം പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കണം.

### സ്പിരിറ്റ് കച്ചവടത്തിലെ പക

2006 ഏപ്രിൽ അഞ്ചിന് രാത്രി 8.50 നാണ് വെണ്ണലയിലെ വസതിയിൽ എത്തിയ അജ്ഞാത സംഘം മിഥില മോഹനെ വെടിവച്ചു കൊന്നത്. 2006 ജൂൺ 19ന് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടു. 2013ൽ മോഹന്റെ മുൻ പങ്കാളി തൃശ്ശൂർ പൂങ്കുന്നം സ്വദേശി കണ്ണനെന്ന സന്തോഷ് കുമാർ അറസ്റ്റിലായി.

സ്പിരിറ്റ് ഇടപാടിലെ കുടിപ്പകയുടെ പേരിൽ കണ്ണനാണ് പത്ത് ലക്ഷം രൂപയ്ക്ക് മോഹനെ വധിക്കാൻ ഡിണ്ടിഗൽ പാണ്ഡ്യൻ എന്നുവിളിക്കുന്ന മദ്രാസ് പാണ്ഡ്യന് ക്വട്ടേഷൻ നൽകിയതെന്ന് പൊലീസ് കണ്ടെത്തി. തമിഴ്നാട്ടിലെ വേദാരണ്യത്തിൽ നിന്ന് ഇയാൾ ഏർപ്പെടുത്തിയ മതിവണ്ണൻ, ഉപ്പാളി എന്നിവരാണ് കൊല നടത്തിയത്. ഡിണ്ടിഗൽ പാണ്ഡ്യൻ 2010 ഫെബ്രുവരി എട്ടിന് തമിഴ്നാട് പൊലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതോടെ കേസ് വഴിമുട്ടി. പിന്നീടാണ് മതിവണ്ണനും ഉപ്പാളിയും ശ്രീലങ്കക്കാരാണെന്ന സംശയം അന്വേഷണ സംഘം കോടതിയിൽ അറിയിച്ചത്. കണ്ണനാണ് കേസിലെ ഒന്നാം പ്രതി. ഇയാളെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തിരുന്നു.